# പള്ളികഥകൾ

## മിനികഥകൾ തൊണ്ണൂറ്റി അഞ്ച്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ, ഇപ്പോൾ സാധാരണ അമേരിക്കയിലെ മിക്ക സഭകളുടേയും മിക്ക പള്ളികളിലും, അമ്പലങ്ങളിലും നടക്കുന്ന കാര്യമാണ് പറയുന്നത്. ജോസഫ് അച്ചന് നേരിട്ടറിയാവുന്ന ഒരു സംഭവമാണിത്:

# വിവരദോഷി

വളരെയധികം വർഷങ്ങൾക്കു മുമ്പ് അമേരിക്കയിലെ ആ ഗ്രാമത്തിൽ ഒരൊറ്റ ഓർത്ത്ഡോക്സ് ദേവാലയമേ ഉണ്ടായിരുന്നുള്ളു. അന്നത്തെ അവിടുത്തെ വികാരി സെമിനാരിയിൽ ഒന്നും പഠിക്കാതെ, ഒരു മെത്രാച്ചന്റെ കുശിനിക്കാരനായി ദീർഘകാലം സേവനം അനുഷ്ഠിച്ചതിന് കിട്ടിയ പ്രതിഫലമാണ് ആ അച്ചൻ പട്ടം. അപ്പോൾ അദ്ദേഹത്തിന് യാതൊന്നും അറിയത്തില്ലെന്നുള്ള വിവരം എല്ലാവർക്കും അറിയാവുന്നതാണ്. അദ്ദേഹത്തിന്റെ അറിവില്ലായ്മ സഹിച്ച് സഹിച്ച് സഹികെട്ടപ്പോൾ ആ പള്ളിയിലെ തന്നെ ചിലർ അവിടെ നിന്നും മാറി വേറെ ഇടവക രൂപീകരിച്ചു. അന്ന് അവരെ പിൻതാങ്ങി നിന്ന പല ആൾക്കാരും കാര്യത്തോടടുത്തപ്പോൾ തനി നിറം കാണിച്ചു.
കാലക്രമത്തിൽ ഈ രണ്ടു പള്ളികളിൽ നിന്നും കുറച്ചു പേർ കൂടി മാറി വേറെ ഇടവക രൂപീകരിച്ചു. ഉള്ളതു പറഞ്ഞാൽ എല്ലാം കൂടെ ഒരു ഇടവക പള്ളിക്കുള്ള ആൾക്കാരെ ആ സ്ഥലത്തുള്ളു. എന്നാൽ ഇപ്പോൾ അവിടെ നിലവിൽ മൂന്ന് ഓർത്ത്ഡോക്സ് പള്ളികൾ ഉണ്ട്. കാലക്രമേണ പുത്തനായി ആ സ്ഥലത്തേക്ക് വരുന്ന ഓർത്ത്ഡോക്സ്കാരനെ ഈ മൂന്നു പള്ളിക്കാരും പിടിയാണ്.
രണ്ടാമതു തുടങ്ങിയ പള്ളിയിലെ ഒരു പ്രധാന കഥാപാത്രമാണ് തങ്കച്ചൻ. എല്ലാവരും അയാളെ തങ്കച്ചായൻ എന്നാണ് വിളിക്കുന്നത്. അയാളെക്കാൾ വളരെയധികം പ്രായം കൂടിയ ആൾക്കാരും അച്ചൻ പോലും അങ്ങിനെയാണ് അഭിസംബോധന നടത്തുന്നത്.
തങ്കച്ചൻ ഹൈസ്ക്കൂൾ കഷ്ടിച്ച് പാസായ കാലം ഏറ്റവും മൂത്ത പെങ്ങൾ ദീർഘകാലം അമേരിക്കയിൽ നേഴ്സായി ജോലി ചെയ്ത ആൾ അമേരിക്കയിലേക്ക് കൊണ്ടു വന്നു. ഏകദേശം ആറു മാസം പഠിക്കാൻ വിട്ട് ഒരു തരികിട മെക്കാനിക്കാക്കി. പക്ഷേ, അയാൾക്ക് ദൈവാധീനം ഉണ്ടായിരുന്നു. അവിടെ ഒരു കമ്പിനിയിൽ ജോലി കിട്ടി. അവിടെ നിന്ന് നല്ല ഒരു മെക്കാനിക്കായി. അമേരിക്കൻ ഭാഷ യിൽ ഹാൻഡിമാൻ. അവിടെ നിന്നും വേറൊരു നല്ല കമ്പിനിയിൽ ജോലി കിട്ടി. കൈ നിറച്ച് ശമ്പളം. ഈ കാലഘട്ടത്തിൽ കേരളത്തിൽ ഉള്ള അയാളുടെ ഗ്രാമത്തിലെ വളരെ നിർദ്ധനരായ ഒരു കുടുംബത്തിലെ വളരെ സുന്ദരിയായ ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചു. അതും മൂത്ത പെങ്ങളുടെ ഒത്താശയിൽ ആയിരുന്നു. അവൾ മർത്തോമ്മാക്കാരിയായിരുന്നു. ഓർത്ത്ഡോക്സ്കാരുടെ കാര്യങ്ങൾ ഒന്നും അറിയത്തില്ല. മൂത്ത പെങ്ങൾ തന്നെ അവളെ എല്ലാം പഠിപ്പിച്ച് മിടുക്കി ആക്കി.
തങ്കച്ചന് അന്നും ഇന്നും ഓർത്ത്ഡോക്സ്കാരുടെ കാര്യങ്ങൾ ഒന്നുംഅറിയത്തില്ല. മൂക്കില്ലാരാജ്യത്ത് മുറിമൂക്കൻരാജാവ് എന്നതുപോലെ ഭാര്യലീലാമ്മയുടെ കൂടെ മിടുക്കനായി. തങ്കച്ചന് എല്ലാ ദിവസവും ഭാര്യാഭർത്തൃ ബന്ധത്തിൽ ഏർപ്പെടണം. ഐറ്റിക്കാരിയായ ലീലാമ്മയ്ക്ക് അതിന് വിരോധവുമില്ല. അതിന് ഭാര്യയെ സന്തോഷിപ്പിക്കാനായി അയാൾ പാശ്ചാത്യ രീതിയിലുള്ള പല കാമവികൃതികളും കാട്ടി അവളെ സന്തോഷിപ്പിച്ചു. എന്തായാലും തുടരെ തുടരെ മൂന്ന് പെൺമക്കളായി. നാലാമത്തേതിനെ ഗർഭം ധരിച്ചിരിക്കുകയാണ് ലീലാമ്മ. ''നിങ്ങളുടെ വീട്ടിൽ എല്ലാം പെൺ മക്കളല്ലേ'' എന്ന് അവളെ കുറ്റപ്പെടുത്തിയിരിക്കുയാണ്. ഇനിയും പെറാൻ എന്നെകൊണ്ടു വയ്യാ എന്നു പറഞ്ഞവൾ നാലാമത്തെ പെൺകുഞ്ഞിന് ജന്മം കൊടുത്തപ്പോൾ ഗർഭപാത്രം നിക്കം ചെയ്യപ്പെട്ടു.
തങ്കച്ചന്റെ നേതൃത്വത്തിൽ പുതിയ ഇടവക പള്ളി ഭംഗിയായി നടന്നു. ആർക്ക് എന്തു സഹായം വേണമെങ്കിലും തങ്കച്ചൻ അവർക്കെല്ലാം എന്തും ചെയ്തു കൊടുക്കും. ജോലി ഇല്ലാതെ കഷ്ടപ്പെടുന്നവർക്ക് ജോലി വാങ്ങി കൊടുക്കും. കാറിന് ഇൻഷുറൻസ് വേണ്ടവർക്ക് ഏറ്റവും ചെറിയ ചിലവിൽ അത് സംഘടിപ്പിച്ചു കൊടുക്കും. കാറു വേണ്ടവർക്ക് നല്ല പുത്തൻ പോലുള്ള പഴയ വണ്ടി വാങ്ങിച്ചു കൊടുക്കും. നല്ല വക്കീലിന്റെ ആവശ്യം വേണ്ടവർക്ക് അത് സംഘടിപ്പിച്ചു കൊടുക്കും. വർഷം തോറും ടാക്സ് പേപ്പറുകൾ എല്ലാം ലീലാമ്മ ചെയ്തു കൊടുക്കും. വീടു വേണ്ടവർക്ക് നല്ല ഒന്നാന്തം വീട് നല്ല ചുളു വിലയ്ക്ക് വാങ്ങികൊടുക്കും. കാറിനും വീടിനും ഇൻഷുറൻസ് വേണ്ടവർക്ക് നല്ല ഒന്നാന്തരം ഇൻഷുറൻസ് തരപ്പെടുത്തി കൊടുക്കും. നല്ല ഡോക്ടറന്മാരെ പരിചയപ്പെടുത്തി കൊടുക്കും. അതുപോലെ മെടിക്കൽ സംബന്ധമായ എല്ലാ സഹായങ്ങളും മൂത്ത പെങ്ങൾ മുഖേന സാധിച്ചു കൊടുക്കും. കാറുകൾക്ക് ഓയിൽ ചേഞ്ച് ഉൾപ്പെടെ പല ചെറിയ അറ്റകുറ്റ പണികളും അയാൾ തന്നെ ചെയ്തു കൊടുക്കും. വലിയ പണികളാണെങ്കിൽ അതിന് പറ്റിയ ആൾക്കാരെ അയാൾ പരിചയപ്പെടുത്തി കൊടുക്കും. ഇങ്ങേയറ്റം ആരെങ്കിലും മരിച്ചാൽ ഫ്യൂണറൽ ഹോം വെരെ അയാൾ ഏർപ്പാടാക്കി കൊടുക്കും. എല്ലാം വളരെ ചുരുങ്ങിയ ചെലവിൽ സാധിച്ചു കൊടുക്കും.
അവരുടെ പള്ളിയിൽ എല്ലാ ഞായറാഴ്ചയും ആരാധന കഴിഞ്ഞാൽ അവിടെ വരുന്ന എല്ലാവർക്കും മൃഷ്ടാന്നഭോജനം ഉണ്ട്. ആർക്കെങ്കിലും അത് തയ്യാറാക്കി കൊണ്ടു വരാൻ പ്രയാസമുണ്ടെന്നറിഞ്ഞാൽ തങ്കച്ചൻ വീട്ടിൽ നിന്ന് തയ്യാറാക്കി കൊണ്ടു വന്ന് കൊടുക്കും. അത് വേണ്ടി വന്നാൽ എല്ലാ ഞായറാഴ്ചയും ചെയ്യാൻ അയാൾ തയ്യാറാണ്. പള്ളിയിലേക്ക് ആർക്കെങ്കിലും പണം കൊടുക്കാൻ പ്രയാസമുണ്ടെങ്കിൽ അയാൾ കൊടുക്കും. ആരും പണമൊന്നും കൊടുത്തില്ലങ്കിലും അയാൾ ആ പള്ളിയുടെ എല്ലാ ചിലവുകളും നടത്തികൊള്ളും. പള്ളിക്ക് എന്തെങ്കിലും അറ്റകുറ്റ പണിയുണ്ടെങ്കിലും അയാൾ തന്നെ അതെല്ലാം നിറവേറികൊള്ളും.
ഇപ്പോൾ അവർക്ക് സ്വന്തമായി ഒരു പള്ളിയും ഉണ്ട്. എല്ലാ വർഷവും ക്രിസ്തുമസ് സമയങ്ങളിൽ അവിടെയുള്ള നാനാ ജാതിമതക്കാരുടെയും ഭവനങ്ങളിൽ അയാൾ പള്ളിക്കാരെ കൊണ്ടുപോയി കരോൾ പാട്ടു പാടിച്ച് ധാരാളം പണം ഉണ്ടാക്കി കൊടുത്തിട്ടുണ്ട്.
കാര്യങ്ങൾ എല്ലാം ശരിയാണ്. പക്ഷേ, അയാൾ പറയുന്നതെന്തുമേ ആ പള്ളിയിൽ നടക്കൂ. തിരുവായ്ക്ക് എതിർ വായ് ഇല്ലാ. എന്നാൽ അയാൾ ഒരു വിവരദോഷിയാണ്. അയാൾക്ക് പള്ളിയെപ്പറ്റിയോ പട്ടക്കാരനെ പറ്റിയോ യാതൊന്നും അറിയത്തില്ല. പക്ഷേ, അയാൾ പറയുന്നതെന്തുമേ ഭദ്രാസന മെത്രാച്ചൻ വെരെ ചെയ്യുകയുള്ളു. സഭയിലെ ഏതൊരു മെത്രാച്ചനോ, അച്ചനോ ആ സ്ഥലത്തു വന്നാൽ അയാൾ കൂട്ടികൊണ്ട് അയാളുടെ വീട്ടിൽ താമസിപ്പിച്ച് അവർക്കെല്ലാം കൈ നിറയെ കൊടുത്തും സൽക്കരിക്കും. അവർക്കെല്ലാം അയാളുടെ അറിവല്ലായ്മ ശരിക്കും അറിയാം. എന്തു ചെയ്യാം! സഹിക്കുക അല്ലാതെ വേറെ മാർഗ്ഗമില്ല.